"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ Ex gratia ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും, Next of Kin ആയവർക്ക് നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2024/DMD തീയതി,തിരുവനന്തപുരം, 14-08-2024

---

പരാമർശം:-

1. സ.ഉ.(കൈ)നം.3/2021/DMD തീയതി 25.09.2021.
2. സ.ഉ.(കൈ)നം.7/2021/DMD തീയതി 25.11.2021.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.08.2024 ലെ LR/7736/2024-LR(A6) നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിൽ 30.07.2024 ൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ ധാരാളം പേർ മരണമടയുകയും നിരവധി പേരെ കാണാതാവുകയും ചെയ്തിരുന്നു. ദുരന്തത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നതിലേയ്ക്കായി നടപടിക്രമങ്ങളിൽ ഇളവ് വരുത്തേണ്ടത് സംബന്ധിച്ച ശുപാർശ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിൽ മേപ്പാടി പഞ്ചായത്തിലെ 10,11,12 വാർഡുകളിലെ ഉരുൾപ്പൊട്ടലിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹമായ Exgratia ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും, കോവിഡ് ദുരന്തത്തിലെ ആശ്രിതർക്ക് നൽകിയതിന് സമാനമായി Next of Kin ആയവർക്ക് നൽകുന്നതിന് ദുരന്തനിവാരണ ആക്ടിലെ 19-ാം വകുപ്പ് അനുസരിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്കുള്ള അധികാരം വിനിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (2) സർക്കാർ ഉത്തരവിലെ നിബന്ധനകൾ ഈ വിഷയത്തിലും ബാധകമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ജില്ലാ കളക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്. (ജനം നം. 2342)
റവന്യൂ (റ്റി) വകുപ്പ് /റവന്യൂ (DRF A/B) വകുപ്പുകൾ.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 14-08-2024 18:31:27**
സെക്ഷൻ ഓഫീസർ